LIBRARY ARCHIVES Kerala Legislative Assembly

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടന.

26. [154] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിന്റെ പുനഃസംഘടന ഏതുവിധത്തിൽ നടത്തണമെന്നാണു് സർക്കാർ ഉദ്ദേശിക്കുന്നതു് ;

(ബി) ഈ വർഷം പുനഃസംഘടനാപരമായി ഏതെല്ലാം നടപടികളാണു് സ്വീകരിച്ചിട്ടുണ്ടു് ?

ഉത്തരം

(എ, ബി) നിലവിലുള്ള വിദ്യാഭ്യാസഡിജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ന്മാരുടെ ഓഫീസുകളും തുടർന്നു പോകണമോ, വേണ്ടയോ എന്നതിനെപ്പറ്റി പരിശോധിച്ചു് റിപ്പോർട്ടു് സമർപ്പിക്കുന്നതിനായി നിയമിച്ചിരുന്ന സ്പെഷ്യൽ ഓഫീസർ അദ്ദേഹത്തിന്റെ റിപ്പോർട്ടു് ഗവണ്മെൻറിനു് സമർപ്പിച്ചിട്ടുണ്ടു്. ഇതിൽ ഡിപ്പാർട്ടുമെൻറു് പുനഃസംഘടന സംബന്ധിച്ചു് പല നിർദ്ദേശങ്ങളും അടങ്ങിയിട്ടുണ്ടു്. ഈ റിപ്പോർട്ടു് ഇപ്പോഴും ഗവണ്മെൻറിന്റെ സജീവ പരിഗണനയിലാണു്. ഇതിന്മേൽ അവസാന തീരുമാനം എടുക്കുന്നതിനു മുൻപു്, പുനഃസംഘടന ഏതുവിധത്തിൽ നടപ്പിൽ വരുത്തുമെന്നു് താൽക്കാലം പറയാൻ നിവൃത്തിയില്ല.

പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റു്.

27. [155] ശ്രീ. എം. രാമുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റും തിരുത്തുവാൻ സംസ്ഥാന ഗവണ്മെൻറിനു് അധികാരമുണ്ടോ ;

(ബി) മലബാറിലെ ''പുലയർ'' വിഭാഗത്തെ ''ഒ. ബി. സി.'' വിഭാഗത്തിലാക്കി മാറ്റാൻ ഉണ്ടായ കാരണമെന്താണു് ;

(സി) ഈ ഭരണഘടനാലംഘനം തിരുത്തുവാനും മലബാറിലെ 'പുലയർ' വിഭാഗത്തെ പട്ടിക വർഗ്ഗമായി കണക്കാക്കുവാനും അടിയന്തിര നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മലബാറിൽ ''പുലയൻ'' ഷെഡ്യൂൾഡു് ട്രൈബിലും ''പുലയ'' (ചേരമർ) ഒ. ഇ. സി. (ഒ. ഇ. സി) ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നതു്.

(സി) ഇപ്പോഴും ലോകു് സഭയിൽ അവതരിപ്പിച്ചിട്ടുള്ള ''പട്ടികജാതി പട്ടികവർഗ്ഗ ഭേഗതി ബില്ലിൽ (1967) പുലയൻ'' സമുദായത്തെ കേരളത്തിലൊട്ടാകെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഗവണ്മെൻറു സർവ്വീസിലുള്ള എക്സു് സർവ്വീസുകാർ

28. [166] ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) Ex-State Force-ൽ പെട്ട എത്ര പേർ ഈ ഗവണ്മെൻറിന്റെ കീഴിൽ ജീവനക്കാരായിട്ടുണ്ടു്, അതിൽ 5 വർഷത്തിൽ കുറവു് സർവ്വീസുള്ളവർ എത്രയുണ്ടു് ;

(ബി) ഈ തരത്തിൽപെട്ടവർ ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിലാണു് ജോലിയിലിരിക്കുന്നതു് ?